പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2554 **28-10-2026-ൽ മറുപടിയ്ക്ക്**

ഊരുകളുടെ പേരുമാറ്റം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഊരുകളുടെ പേര് ഉന്നതി എന്ന് മാറ്റിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

18.06.2024 ലെ സ.ഉ.(കൈ) നം. 16/2024/പജപവവിവ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ മേഖലകളിലെ "ഊര്", "സങ്കേതം" എന്നീ പേരുകൾക്ക് പകരമായി "നഗർ", "ഉന്നതി', "പ്രകൃതി" എന്നീ പേരുകൾ സ്വീകരിക്കാവുന്നതാണെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഉന്നതി എന്ന പേര് മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

മറുപടി: നിലവിൽ മാറ്റിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകത്തിന്റെയും ഭാഗമായി ഉപയോഗിച്ച് വരുന്നതാണ് "ഊര് മൂപ്പന്മാർ , ഊരുകൂട്ടം" എന്നീ പദങ്ങളെന്നും, വനാവകാശ നിയമം, ആസൂത്രണ പ്രക്രിയ എന്നിവയിൽ ഊരുകൂട്ടങ്ങൾ എന്ന പദത്തിന് ഏറെ പ്രാധാന്യമുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, 04/08/2026 ലെ സ.ഉ (കൈ) നം.23/2026/പജപവവിവ ഉത്തരവ് പ്രകാരം പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ആവാസകേന്ദ്രങ്ങളെ "ഊര്" "സങ്കേതം" എന്നീ പദങ്ങൾ ഉപയോഗിച്ച് തുടർന്നും വിശേഷിപ്പിക്കാവുന്നതാണെന്ന് വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ